ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14-03-2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പി എം സ്വനിധി ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. ഒരു ലക്ഷം തെരുവോര കച്ചവടക്കാർക്കുള്ള വായ്പാ വിതരണവും പ്രധാനമന്ത്രി നിർവഹിക്കും.

   Prime Minister Narendra Modi will address PM SVANidhi Beneficiaries in Delhi today. PM will also distribute loans to 1 lakh street vendors.

2. ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നാളെ പത്തനംതിട്ടയിൽ.

   PM Modi will arrive Pathanamthitta tomorrow to kick of NDA's election campaign

3. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സാധ്യതകൾ പഠിക്കാൻ നിയോഗിച്ച ഉന്നതതല സമിതി രാഷ്ട്രപതി ദ്രൗപദി മുർമുവിന് റിപ്പോർട്ട് കൈമാറി.

**The High-Level Committee on 'One Nation, One Election', chaired by Ram Nath Kovind, Former President of India, submits report to President Droupadi Murmu**

4. പൗരത്വ ഭേദഗതി നിയമം ആരുടെയും പൗരത്വം ഇല്ലാതാക്കാൻ ഉദ്ദേശിച്ചുള്ളതല്ലെന്നും, രാജ്യമൊട്ടാകെ ഇത് നടപ്പാക്കുമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah has reiterated that Citizenship Amendment Act is a law to provide citizenship rights and it will not snatch away citizenship from anyone.**

5. സഭ്യേതരമായ ഉള്ളടക്കം ഉൾപ്പെടുത്തിയതിന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം 18 ഒടിടി പ്ലാറ്റ്ഫോമുകൾ ബ്ലോക്ക് ചെയ്തു.

**Information and Broadcasting Ministry has blocked 18 Over the top, OTT platforms for obscene and vulgar content.**

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് എഫ് സി ഗോവ- ബംഗളുരു എഫ് സിയെ നേരിടും

**In ISL Football, FC Goa will take on Banglore FC today.**

$$$$$$$$$$$$$$$$$$

## HEADLINE-1

## EU PM - DELHI

പി എം സ്വനിധി ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും. ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ ഒരു ലക്ഷം തെരുവോര കച്ചവടക്കാർക്കുള്ള വായ്പകൾ പ്രധാനമന്ത്രി വിതരണം ചെയ്യും. തെരുവോര കച്ചവടക്കാരുടെ ശാക്തീകരണത്തിനായി 2020 ജൂൺ ഒന്നിന് ആരംഭിച്ച പിഎം സ്വനിധി പദ്ധതിയിലൂടെ 10,978 കോടി രൂപയുടെ വായ്പയാണ് ഇതിനകം വിതരണം ചെയ്തത്. 62 ലക്ഷത്തിലധികം തെരുവോര കച്ചവടക്കാർക്കാണ് പദ്ധതിയിലൂടെ ഇതിനകം സഹായം ലഭിച്ചത്. ഡൽഹി മെട്രോ നാലാം ഘട്ടത്തിന്റെ ഭാഗമായ രണ്ട് ഇടനാഴികളുടെ തറക്കല്ലിടലും അദ്ദേഹം ചടങ്ങിൽ നിർവഹിക്കും. ലജ്പത് നഗർ-സാകേത്, ഇന്ദ്രലോക്-ഇന്ദ്രപ്രസ്ഥ ഇടനാഴികൾക്കാണ് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കുക.

$$$$$$$$$$$$$$$$$$$

## HEADLINE-2

## PM – KERALA VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ കേരളത്തിലെത്തും. പത്തനംതിട്ടയിൽ എൻ.ഡി.എ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിലാണ് പൊതുസമ്മേളനം നടക്കുന്നത്.

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ജില്ലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$

## HEADLINE-3

## ONE NATION ONE ELECTION

രാജ്യത്ത് ലോക്സഭ, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തുന്നതിന്റെ സാധ്യതകൾ പഠിക്കാൻ നിയോഗിച്ച ഉന്നതതല സമിതി രാഷ്ട്രപതി ദ്രൗപദി മുർമ്മുവിന് റിപ്പോർട്ട് കൈമാറി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിലുള്ള സമിതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, നിയമ സഹമന്ത്രി അർജുൻ റാം മേഘ് വാൾ , മുൻ കേന്ദ്രമന്ത്രി ഗുലാം നബി ആസാദ് തുടങ്ങിയവർ സമിതിയിലെ അംഗമാണ്. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സാധ്യതകൾ പരിശോധിക്കുന്നതിനായി 2023 സെപ്റ്റംബറിലാണ് ഉന്നതതല സമിതി രൂപീകരിച്ചത്.

$$$$$$$$$$$$$$$$$$$

## HEADLINE-4

## AMITH SHAH -INTRO

പൗരത്വ ഭേദഗതി നിയമം ആരുടെയും പൗരത്വം ഇല്ലാതാക്കാൻ ഉദ്ദേശിച്ചുള്ളതല്ലെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. പൗരത്വ നിയമ ഭേദഗതി പിൻവലിക്കില്ലെന്നും രാജ്യമൊട്ടാകെ ഇത് നടപ്പാക്കുമെന്നും ഒരു വാർത്ത ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കി. ദേശീയ പൗരത്വ പട്ടികയും പൗരത്വ ഭേദഗതി നിയമവും തമ്മിൽ ബന്ധമില്ല. പൗരത്വം സംബന്ധിച്ച നിയമനിർമാണത്തിന് അനുച്ഛേദം 11 , പാർലമെന്റിന് അധികാരം നൽകുന്നുണ്ടെന്നും ശ്രീ അമിത് ഷാ പറഞ്ഞു. അപേക്ഷകരുടെ അഭിമുഖം സംസ്ഥാനങ്ങൾ നടത്തിയില്ലെങ്കിൽ കേന്ദ്രസർക്കാർ മുൻകൈ എടുത്ത് നടത്തും. തിരഞ്ഞെടുപ്പിന് ശേഷം CAA നടപ്പാക്കാൻ എല്ലാവരും സഹകരിക്കുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു.

**(VOICE)**

$$$$$$$$$$$$$$$$$$

**HEADLINE-5**

**OTT platforms**

സഭ്യേതരമായ ഉള്ളടക്കം ഉൾപ്പെടുത്തിയതിന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം 18 ഒടിടി പ്ലാറ്റ്ഫോമുകൾ ബ്ലോക്ക് ചെയ്തു. 19 വെബ്സൈറ്റുകൾ, 10 മൊബൈൽ ആപ്ലിക്കേഷനുകൾ, 57 സാമൂഹിക മാധ്യമ

അക്കൗണ്ടുകൾ എന്നിവയും ബ്ലോക്ക് ചെയ്തിട്ടുണ്ട്. ഐടി നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് നടപടി.

$$$$$$$$$$$$$$$$$$$

## NHAI - FASTAG USERS

പെയ്ടിഎം ഫാസ്റ്റാഗ് ഉപഭോക്താക്കൾ നാളേയ്ക്ക് മുൻപായി മറ്റു ബാങ്കുകളുടെ ഫാസ്റ്റാഗുകളിലേയ്ക്ക് മാറണമെന്ന് ദേശീയ പാത അതോറിറ്റി. പെയ്ടിഎം പേയ്മെന്റ്സ് ബാങ്കിനുമേൽ റിസർവ് ബാങ്ക് ചുമത്തിയ നിയന്ത്രണങ്ങൾ അനുസരിച്ച് ഈ മാസം 15 നു ശേഷം പെയ്ടിഎം ഫാസ്റ്റാഗ് ഉപഭോക്താക്കൾക്ക് റീചാർജ് ചെയ്യാൻ സാധിക്കുന്നതല്ല. ദേശീയ പാതകളിലൂടെയുള്ള യാത്രക്കിടെ പിഴകൾ, ഇരട്ടി ചാർജ് ഈടാക്കൽ എന്നിവ ഒഴിവാക്കാൻ മറ്റു ബാങ്കുകളുടെ ഫാസ്റ്റാഗുകളിലേയ്ക്ക് മാറണമെന്ന് കേന്ദ്ര ഗതാഗത മന്ത്രാലയം നിർദ്ദേശിച്ചു. എന്നാൽ അക്കൗണ്ടിൽ ശേഷിക്കുന്ന തുക തുടർന്നും ഉപയോഗിക്കാവുന്നതാണ് .

$$$$$$$$$$$$$$$$$$$

## WATER METRO

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൌത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ എന്നീ നാല് ടെർനമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. രണ്ട് പുതിയ റൂട്ടുകളിലാണ് കൊച്ചി വാട്ടർ മെട്രോ ഞായറാഴ്ച മുതൽ പുതിയതായി സർവ്വീസ് ആരംഭിക്കുന്നത്. ഇതോടെ 9 ടെർമിനലുകളിലായി
5 റൂട്ടുകളിലേക്ക് കൊച്ചി വാട്ടർ മെട്രോ സർവ്വീസ് വ്യാപിക്കും. 40 രൂപയാണ് പരമാവധി ടിക്കറ്റ് നിരക്ക്.

$$$$$$$$$$$$$$$$$$$

## WAYNAD – KENDRA SANGHAM

മനുഷ്യ-മൃഗ സംഘർഷം രൂക്ഷമായ സാഹചര്യം വിലയിരുത്താൻ വിദഗ്ധ സംഘം വയനാട്ടിലെത്തി. വയനാട്, ഗൂഡല്ലൂർ പ്രദേശങ്ങളിലെ മനുഷ്യ-മൃഗ സംഘർഷം സംഘം വിലയിരുത്തും.

$$$$$$$$$$$$$$$$$$$

## BHUTAN PM

ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ്ങ് തോബ്ഗേയുടെ അഞ്ചു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ഇന്ന് തുടക്കം . ജനുവരിയിൽ പ്രധാനമന്ത്രി പദം ഏറ്റെടുത്ത ശേഷമുള്ള ഷെറിങ്ങിന്റെ ആദ്യ വിദേശ സന്ദർശനമാണിത്. ഈ മാസം 18 വരെ നീണ്ടു

നിൽക്കുന്ന സന്ദർശനത്തിനിടെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മുംബൈയിലും ഭൂട്ടാൻ പ്രധാനമന്ത്രി സന്ദർശനം നടത്തുന്നുണ്ട്. ഇരു രാജ്യങ്ങൾക്കുമിടയിലെ സഹകരണത്തിന്റെ പുരോഗതി വിലയിരുത്താൻ സന്ദർശനം ഉപകരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$

**PASSING OUT PARADE**

അഗ്നിവീരന്മാരുടെ മൂന്നാമത് ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡ് INS ചിൽക്കയിൽ നാളെ നടക്കും.വനിതകൾ ഉൾപ്പെടെ ചിൽക്കയിൽ കഠിന പരിശീലനം പൂർത്തിയാക്കിയ 2600 ഓളം അഗ്നിവീരന്മാരാണ് നാളെ പങ്കെടുക്കുക.നാവിക സേന മേധാവി അഡ്മിറൽ ആർ ഹരികുമാർ മുഖ്യാതിഥിയാകും.അഗ്നിവീരൻമാരുടെ കുടുംബാംഗങ്ങൾക്ക് പുറമെ മുൻ സൈനിക ഉദ്യോഗസ്ഥർ, കായിക താരങ്ങൾ എന്നിവരും പരിപാടിയ്ക്ക് സാക്ഷ്യം വഹിക്കാനെത്തും.

$$$$$$$$$$$$$$$$$$$

## PREZ UTTARAKHAND-UCC

ഉത്തരാഖണ്ഡ് സർക്കാർ പുറപ്പെടുവിച്ച ഏകീകൃത സിവിൽ കോഡ് ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഈ ബിൽ നടപ്പാക്കുന്നതോടെ, സ്വാതന്ത്ര്യാനന്തരം ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി ഉത്തരാഖണ്ഡ് മാറും. ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിൽ സന്തോഷമുണ്ടെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി സമൂഹമാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$

## DELHI- FIRE

ഡൽഹിയിലെ ഷഹ്ദാര മേഖലയിലെ ഒരു വീട്ടിൽ ഇന്ന് പുലർച്ചെയുണ്ടായ തീപിടിത്തത്തിൽ നാല് പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. തീപിടിത്തത്തിന്റെ കാരണം കണ്ടെത്താനായിട്ടില്ല. പതിനെട്ട് പേരെ രക്ഷപ്പെടുത്തി ആശുപത്രിയിലെത്തിച്ചതായി അഗ്നിശമനസേന അറിയിച്ചു. സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്.

$$$$$$$$$$$$$$$$$$

## HEALTH- NEET MDS

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നീറ്റ് ഡെൻറൽ സർജറി, നീറ്റ് എംഡിഎസ് പരീക്ഷാ കേന്ദ്രങ്ങൾ ഇല്ലെന്ന മാധ്യമ റിപ്പോർട്ടുകൾ തെറ്റാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി . ഷില്ലോങ്, നഹർലഗൺ, കൊഹിമ, ഐസ്വാൾ, ഗുവാഹത്തി, കൊൽക്കത്ത എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു .

$$$$$$$$$$$$$$$$$$$

## ADB LOAN

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി 181 ദശലക്ഷം ഡോളറിന്റെ വായ്പ കരാറിൽ കേന്ദ്ര സർക്കാർ ഒപ്പുവച്ചു.

അഹമ്മദാബാദിന്റെ നഗരവത്കരണം മെച്ചപ്പെടുത്തുന്നതിനാണ് തുക വിനിയോഗിക്കുക അഹമ്മദാബാദ് നഗര പദ്ധതിക്ക് കീഴിൽ 166 കിലോമീറ്റർ ജലവിതരണ ശൃംഖല, 126 കിലോമീറ്റർ മഴവെള്ള ഡ്രെയിനേജ്, 300 കിലോമീറ്റർ മലിനജല സംവിധാനങ്ങൾ, നാല് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ എന്നിവ നിർമ്മിക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$

## DEFENCE-HELICOPTER

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായി 8,073 കോടി രൂപയുടെ രണ്ട് കരാറുകളിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവച്ചു. 34 അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടാണ് കരാർ. കരസേനയ്ക്ക് വേണ്ടി 25 അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററുകളും തീരാ സംരക്ഷണ സേനക്കായി ഒൻപത് അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്ററുകളുമാണ് വാങ്ങുന്നത്.

$$$$$$$$$$$$$$$$$$$

## HEADLINE-6

## ISL

ഐ എസ് എൽ - ൽ ഇന്ന് എഫ് സി ഗോവ ബംഗളുരു എഫ് സി യുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ഗോവ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$

## RANJI TROPHY

രഞ്ജിട്രോഫി കലാശപ്പോരാട്ടത്തിൽ മുംബയ്ക്കെതിരെ വിദർഭ പൊരുതുന്നു . അഞ്ചാം ദിവസം ഉച്ചഭക്ഷണത്തിനായി പിരിഞ്ഞപ്പോൾ 5 വിക്കറ്റിന് 333 റൺസ് എന്ന നിലയിലാണ് വിദർഭ . മുംബൈ ഉയർത്തിയ 538 റൺസെന്ന ലക്ഷ്യം കീഴടക്കാൻ വിദർഭയ്ക്ക് ഇനി 205 റൺസ് കൂടി വേണം.

നേരത്തെ ഒന്നാം ഇന്നിങ്സിൽ വിദർഭ 105 റൺസിന് പുറത്തായിരുന്നു.

$$$$$$$$$$$$$$$$$$$

**WPL**

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിനെതിരെ ഡൽഹി ക്യാപ്പിറ്റൽസിന് ജയം. ഡൽഹി അരുൺ ജെയ്റ്റ് ലി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഏഴ് വിക്കറ്റിനാണ് ഡൽഹിയുടെ ജയം. ഡൽഹി ക്യാപ്പിറ്റൽസ് 13.1 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 129 റൺസ് എടുത്തു.

$$$$$$$$$$$$$$$$$$$

**HEAT WAVE**

സംസ്ഥാനത്ത് ഒൻപത് ജില്ലകളിൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ചൂട് ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പാലക്കാട്, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.

ബോംബെ ഓഹരി സൂചിക സെൻസെക്സ് 493 പോയിന്റ് നേട്ടത്തിൽ 73,261 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 172 പോയിന്റ് ഉയർന്ന് 22,171-ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വിലയിൽ വർധന. പവന് 200 രൂപ കൂടി 48,480 രൂപയായി. ഗ്രാമിന് 6,060 രൂപയാണ് വില.

$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$